കൊട്ടാരക്കര മണ്ഡലത്തിലെ അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണം

253 (7552) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര മണ്ഡലത്തിൽ ഉള്ള അംഗൻവാടികളുടെ എണ്ണം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അവയിൽ സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അംഗൻവാടികളുടെ വിവരവും സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മണ്ഡലത്തിലെ എത്ര അംഗൻവാടികൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ അംഗൻവാടികളുടെ എണ്ണം പഞ്ചായത്തുതിരിച്ച് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	ആകെ എണ്ണം
1	കൊട്ടാരക്കര	31
2	നെടുവത്തൂർ	29
3	എഴുകോൺ	25
4	കരീപ്ര	32
5	വെളിയം	32
6	മൈലം	31
7	കുളക്കട	36
8	ഉമ്മന്നൂർ	38
	ആകെ	254

(ബി) സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അംഗൻവാടികളുടെ വിവരവും സ്ഥലത്തിന്റെ വിസ്തീർണവും സർവ്വേ നമ്പരും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	അംഗൻവാടി നമ്പർ	വിസ്തീർണ്ണം	സർവ്വേ നമ്പർ
(1)	(2)	(3)	(4)	(5)
1	നെടുവത്തൂർ	58	3 സെന്റ്	488
2	നെടുവത്തൂർ	46	4 സെന്റ്	292/6-2-2

LIBRARY ARCHIVES Kerala Legislative Assembly